# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2910 18.06.2019 ൽ മറുപടിക്ക്**

**പെരിന്തൽമണ്ണ മണ്ഡലത്തിലെ പട്ടകുത്ത് ഇരുത്ത് പാലം നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) 2016-17 ലെ ആസ്തി വികസന ഫണ്ടുപയോഗിച്ച് നിർമ്മിക്കുവാൻ ശിപാർശ ചെയ്തിരുന്നതും പൊതുമരാമത്ത് വകുപ്പ് മുഖേന ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതുമായ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലെ പട്ടകുത്ത് ഇരുത്ത് പാലം നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി ,സാങ്കേതിക അനുമതി എന്നിവ ലഭിച്ചതും ടെണ്ടർ ചെയ്തതും കരാറുകാരനുമായി എഗ്രിമെന്റ് ഒപ്പിട്ടതും എന്നാണെന്ന് അറിയിക്കുമോ; | ബി) ഭരണാനുമതി നൽകിയത് - 19.04.2017<br>സാങ്കേതികാനുമതി നൽകിയത് - 23.03.2018<br>കരാറുകാരൻ എഗ്രിമെന്റ് ഒപ്പ് വച്ചത് - 15.05.2018 |
| സി) പ്രവൃത്തി നാളിതുവരെ ആരംഭിയ്ക്കാത്തത് സംബന്ധിച്ച് ജനകീയ സമിതി സമർപ്പിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | സി) ജനകീയ സമിതി സമർപ്പിച്ച പരാതി റിപ്പോർട്ട് നൽകുന്നതിലേയ്ക്കായി പൊതുമരാമത്ത് വകുപ്പ് കോഴിക്കോട് പാലങ്ങൾ വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർക്കും പൊതുമരാമത്ത് വകുപ്പ് പാലക്കാട് പാലങ്ങൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| ഡി) പ്രവൃത്തി നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവാക്കി പാലം നിർമ്മാണം അടിയന്തരമായി ആരംഭിയ്ക്കുന്നതിന് കർശന നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിയ്ക്കുമോ? | ഡി) ഈ പാലം പുനർ രൂപകല്പന ചെയ്ത് നിർമ്മിക്കേണ്ടത് ആവശ്യമാണെന്ന് പൊതുമരാമത്ത് വകുപ്പ് മഞ്ചേരി പാലങ്ങൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 65 ലക്ഷം രൂപയാണ് പാലത്തിന് അനുവദിച്ചിട്ടുള്ളത്. എന്നാൽ റീ-ഡിസൈൻ ചെയ്യുമ്പോൾ പാലത്തിനായി ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമാണ്. നിലവിലെ |

സാഹചര്യത്തിൽ പുതിയ ഇൻവെസ്റ്റിഗേഷൻ നടത്തി അപ്രോച്ച് റോഡുകളോടു കൂടി പാലം നിർമ്മിക്കേണ്ടതുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിന്റെ നീക്കിയിരിപ്പു തുകയുടെ അപര്യാപ്തത കാലതാമസത്തിനുള്ള കാരണമാണെന്നു കൂടി കാണുന്നു.

സെക്ഷൻ ഓഫീസർ